STATEMENT REGARDING "ക്ഷുനിലയെ നേരിടാൻ"—INFORMATION REGRADING

91. (21) Mr. C. V. Iyyu (*Kunnamkulam*): Will Government be pleased to state.—

(*a*) whether they have perused the statement issued by Mr. T. Chandra Sekhara Menon on behalf of the Cochin branch of the Indian Socialist Party under the caption 'ക്ഷുനിലയെ നേരിടാൻ" on page 2 of the "Express", (Trichur), dated 24th September 1948;

(*b*) if so, wether they have taken any action as to the points raised in the statement to meet the acute food crisis as to the system of the administration of the procurement and distribution of food grains produced in the State?

Mr. E. Ikkanda Warriar (*Prime-Minister*):

(*a*) Yes.

(*b*) Government are already doing their best in regard to the various points raised in the statement. All possible efforts are being made to procure the maximum quantity of paddy from local production. The quantity of paddy allowed to Jenmies has already been reduced from 3 paras of paddy and fixed at 2¼ paras per adult per month. Only the actual cultivatiors are allowed 3 paras of paddy per adult per mensem and this is done with a view to encourage production. There is at present no proposal to reduce the scale of rice ration. Government do not also propose to increase the selling price of rice now.

മിസ്റ്റർ സി. വി. ഇയ്യു: ഈ പ്രസ്ഥാവന പുറത്തുവന്നതുകൊണ്ടാണോ ധാന്യ ശേഖരത്തിൽ ഉജ്ജിതമായ നടപടി എടുത്തുതുടങ്ങിയതു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ചോദ്യം വന്നപ്പോഴാണ് നടപടിയെടുത്തുടങ്ങിയതു്.

RESIGNATION OF THE LATE CHIEF JUSTICE—INFORMATION REGARDING

92. (161) മിസ്റ്റർ കെ. ഡബ്ല്യു. മരളീധരമാരാർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു ദയവായി ഉത്തരം പറയുമോ.—

(എ) കൊച്ചീരാജ്യത്തെ, ഇതിന്നുമുമ്പിലത്തെ ചീഫ് ജസ്റ്റീസു് രാജിവെക്കുകയുണ്ടായോ;

(ബി) ഉണ്ടായെങ്കിൽ അതിന്നുള്ള കാരണം എന്തു്;

(സി) അദ്ദേഹത്തിന്നു പെൻഷൻ നൽകുവാൻ വല്ല ആലോചനയും ഗവൺമെണ്ടിന്നുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉവ്വു്.

(ബി) രാജിക്കത്തയച്ചതു മഹാരാജാവു തിരുമനസ്സിലേക്കാണു്. രാജിവെച്ചതും സ്വീകരിച്ചതും ആയ വിവരം ഗവൺമെണ്ടിനെ അറിയിക്കുകമാത്രമെ ഉണ്ടായിട്ടുള്ളൂ.

(സി) ഇല്ല.

മിസ്റ്റർ പി. കെ. ഡീവർ: Chief Justice-നെ നിയമിക്കാനായിട്ടു് മഹാരാജാവിനാണു് അധികാരമെങ്കിലും, ഈ വക സംഗതികൾ ഗവൺമെണ്ടുമായി ആലോചിച്ചല്ലാതെ നടത്താറുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഗവൺമെണ്ടുമായി ആലോചിച്ചിട്ടില്ലെന്നു് ഞാൻ പറഞ്ഞിട്ടില്ല. രാജിക്കത്തു് കണ്ടിട്ടില്ലെന്നേ പറഞ്ഞിട്ടുള്ളൂ.

മിസ്റ്റർ പി. കെ. ഡീവർ: ഇതൊന്നും കാണാനും, അറിയാനും സാധിക്കാത്ത ഒരു പരിതഃസ്ഥിതിയാണോ ഗവൺമെണ്ടിന്നുള്ളതെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെയല്ല മനസ്സിലാക്കേണ്ടതു്. ചോദ്യം വന്നപ്പോൾ അതിലേക്കുവേണ്ട റിക്കാർഡുകൾ നോക്കി അതിലുള്ള വിവരം തന്നു എന്നേയുള്ളൂ.

മിസ്റ്റർ പി. കെ. ഡീവർ: മഹാരാജാവു് രാജി സ്വീകരിക്കുന്നതു്, മഹാരാജാവിന്റെ ഉപദേശകന്മാരായ മന്ത്രിമാരോടു് ആലോചിച്ചതിന്നു ശേഷമല്ലേ പതിവു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഞാൻ ഇതുവരെ ചീഫ് ജസ്റ്റിസിന്റെ രാജിസ്വീകരിക്കുകയുണ്ടായിട്ടില്ല. അതുകൊണ്ടു് പതിവിനെപ്പറ്റി പറയാൻ നിവൃത്തിയില്ല. (ചിരി)

President: That is not a question for information. That question does not come under the word 'Information' as used in the rules.

LIBRARY ARCHIVES Kerala Legislative Assembly